**D 13776** (Pages : 2) Name..................................

Reg. No.................................

## FIRST SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2016

(CUCBCSS—UG)

Common Course—Malayalam

MAL 1A 01—**മലയാള സാഹിത്യം-I**

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 ചെറുശ്ശേരിയുടെ പുരസ്കർത്താവായ ഭരണാധികാരി ആര് ?

2 ഗുരുവായൂരപ്പൻെറ ഭക്തനായിരുന്ന മലയാള കവിയുടെ പേരെന്ത് ?

3 'സംക്രന്ദനാത്മജൻ' ആരാണ് ?

4 ആരോമൽ ചേകവരുടെ തറവാടിൻെറ പേരെന്ത് ?

5 കുഞ്ചൻനമ്പ്യാരുടെ ജീവിതകാലം ഏതു നൂറ്റാണ്ടാണ് ?

6 'ചെമ്മീൻ' എന്ന നോവൽ രചിച്ചതാര് ?

7 'ബേപ്പൂർ സുൽത്താൻ' എന്ന വിളിപ്പേര് ആരുടേതായിരുന്നു ?

8 2014-ൽ മികച്ച ചെറുകഥയ്ക്കുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയതാര് ?

9 'വളർത്തു മൃഗങ്ങൾ' ആരുടെ രചനയാണ് ?

10 'വെളുന്ന കുട്ടി' എന്ന കഥ എഴുതിയതാര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 'ഏനവിടെച്ചെന്നപ്പം' എന്തൊക്കെ ചെയ്യേണ്ടിവന്നു ?

12 യുദ്ധഭൂമിയിലെ ശകുനിയുടെ ജഡത്തെ ഗാന്ധാരി ദർശിച്ചതെങ്ങനെ ?

13 'കല്ലാന്ത'ത്തിലെ രുക്മിണിക്ക് ഒന്നു വൃത്തിയായി ചിരിക്കാൻ തോന്നിയതെപ്പോൾ ?

14 "അത്ഭുതം തന്നെ, വാവലുകൾ രക്ഷപ്പെട്ടു"—എങ്ങനെ ?

15 പെൺകുട്ടി പതിവായി ആരെയാണ് ഫോണിൽ വിളിച്ചിരുന്നത് ?

(5 × 2 = 10 marks)

**Turn over**

III. നൂറ്റമ്പതു വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

16 "കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻ തന്നെ നീ
കൊല്ലിക്കയത്രേ നിനക്കു രസമെടോ"

—ഇത് ആര് ആരോടു പറയുന്നതാണ് ? സന്ദർഭം വ്യക്തമാക്കുക.

17 "നാലു പണത്തിനു മുതലുണ്ടെന്നാൽ
നാട്ടിലിരുപ്പാനെളുതല്ലേതും"

—സാരസ്യം വ്യക്തമാക്കുക.

18 അറബി മലയാളത്തിൻെറ സവിശേഷതകളെന്തൊക്കെ ?

19 ആരോമൽ ചേകവർ കണ്ട ദുശ്ശകുനങ്ങൾ എന്തൊക്കെയെന്ന് വിവരിക്കുക.

20 "ഉണ്ടെന്നെഴുതിയാലും ഇല്ലെന്നെഴുതിയാലും അർത്ഥം ഒന്നല്ലല്ലോ"—വിവക്ഷയെന്ത് ?

21 തെയ്യുണ്ണിയുടെ ഏട്ടൻ കഞ്ചിക്കോട്ടു തന്നെ സ്ഥിരതാമസമാക്കാൻ തീരുമാനിച്ചത് എന്തു കൊണ്ട് ?

22 "ഇനി ഒരിക്കലും മനുഷ്യനെ സ്നേഹിക്കുകയില്ല എന്ന് അതു പറയുകയാവാം"—സന്ദർഭവും ആശയവും വിശദമാക്കുക.

(5 × 5 = 25 marks)

IV. മുന്നൂറു വാക്കിൽ കവിയാതെ **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക :

23 ഉദാത്തമായ സൗഹൃദത്തിൻെറ ഹൃദ്യമായ ആവിഷ്കാരമാണ് കുചേല സൽഗതിയിലൂടെ ചെറുശ്ശേരി നടത്തുന്നത്—സമർത്ഥിക്കുക.

24 ശക്തമായ സാമൂഹിക വിമർശനവും അകളങ്കമായ ഭക്തിയുംകൊണ്ടാണ് ജ്ഞാനപ്പാന ശ്രദ്ധേയമാകുന്നത്—ചർച്ച ചെയ്യുക.

25 വടക്കൻ പാട്ടുകളിൽ പ്രതിഫലിക്കുന്ന സാമൂഹിക സംസ്കാരത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

26 പ്രകൃതിയും മനുഷ്യനും തമ്മിൽ ഉണ്ടായിരിക്കേണ്ട ആരോഗ്യപൂർണ്ണമായ ബന്ധത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചയാണ് 'ഭൂമിയുടെ അവകാശികളിൽ' പ്രതിഫലിക്കുന്നത്—ചർച്ച ചെയ്യുക.

27 മനുഷ്യബന്ധങ്ങളിൽ വന്നുചേർന്ന ആർജവമില്ലായ്മയും ആഴക്കുറവും വ്യത്യസ്ത വിതാനങ്ങളിൽ ചർച്ച ചെയ്യുന്ന കഥകളാണ് 'കല്ലാന്ത'വും 'കാറ്റ് പറഞ്ഞ കഥ'യും—സമർത്ഥിക്കുക.

28 ആധുനികാനന്തര മലയാള ചെറുകഥയുടെ പ്രതിനിധാനങ്ങൾ എന്ന നിലയിൽ 'രണ്ട് എളേപ്പമാർ', 'അവൾ ഒരു കുട്ടിയായിരുന്നപ്പോൾ' എന്നീ കഥകളെ പഠനവിധേയമാക്കുക.

(4 × 10 = 40 marks)